(എ) രോഗികളെ കിടത്തി ചികിത്സിക്കുവാൻ സൗകര്യമുള്ള ഗവൺമെന്റിന്റെ ഏതെങ്കിലും ആതുര ശുശ്രൂഷാ സ്ഥാപനം ഒരു ഡോക്ടർപോലുമില്ലാതെ മൂന്നു മാസത്തിലധികം പ്രവർത്തനം നടത്തിയ സംഭവം ഈ ഗവൺമെന്റ് നിലവിൽ വന്നശേഷം ഉണ്ടായിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം ആതുര ശുശ്രൂഷാസ്ഥാപനങ്ങൾ എന്ന് വ്യക്തമാക്കാമോ;

(സി) ഇവിടെ എത്ര കാലത്തോളം ഡോക്ടർമാർ ഇല്ലായിരുന്നു;

(ഡി) ഡോക്ടർമാർ ഇല്ലാതിരുന്ന കാലത്ത് ഈ സ്ഥാപനങ്ങൾ എപ്രകാരമാണ് പ്രവർത്തനം നടത്തിയത്?

ഉത്തരം

(എ)-(ഡി) ഇല്ല. അനുവദിക്കപ്പെട്ട തസ്തികകളിൽ സ്ഥിരം ഡോക്ടർമാർ ഇല്ലാത്ത അവസരങ്ങളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയോ കരാർ അടിസ്ഥാനത്തിലോ ഡോക്ടർമാരെ നിയമിക്കുന്നുണ്ട്. ഇതിനു സാദ്ധ്യതയില്ലാതെ വരുന്ന അവസരങ്ങളിൽ അടുത്തുള്ള ആശുപത്രികളിലെ ഡോക്ടർമാർക്ക് അധികചുമതല നൽകിവരുന്നുണ്ട്.

137 (2323) വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട്

ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മെഡിക്കൽ കോളേജിനോടനുബന്ധിച്ച് വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(ബി) വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് സ്വയംഭരണാവകാശമുള്ള സ്ഥാപനമായി സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുണ്ടോ; എങ്കിൽ എന്നാണ്; ബൈലാ സർക്കാർ അംഗീകരിച്ചിട്ടുണ്ടോ; ബൈലായുടെ കോപ്പി ലഭ്യമാക്കാമോ;

(സി) സ്വയംഭരണ സ്ഥാപനമായി ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കുന്നതിനുള്ള നടപടി ഏതുവരെയായിട്ടുണ്ട്; എന്നത്തേയ്ക്ക് ഇൻസ്റ്റിറ്റ്യൂട്ട് നിലവിൽ വരും എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി) കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജി ആന്റ് ഇൻഫെക്ഷ്യസ് ഡിസീസസ് എന്ന പേരിൽ ആലപ്പുഴയിൽ സ്വയംഭരണാവകാശമുള്ള ഒരു ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിന് സർക്കാർ 5.4.1999-ലെ ജി.ഒ.(എം.എസ്.) 130/99/ആ.കു.വ. ഉത്തരവ് പ്രകാരം അനുമതി നൽകുകയുണ്ടായി. അതനുസരിച്ച് സൊസൈറ്റിയുടെ മെമ്മോറാണ്ടം ഓഫ് അസോസിയേഷനും റൂൾസും റഗുലേഷൻസും തയ്യാറാക്കിയതിന് സർക്കാർ അംഗീകാരം നൽകുകയും 23.6.1999-ന് സൊസൈറ്റി രജിസ്റ്റർ ചെയ്യുകയും ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

സൊസൈറ്റിയുടെ മെമ്മോറാണ്ടം ഓഫ് അസോസിയേഷന്റെയും റൂൾസിന്റെയും റഗുലേഷൻസിന്റെയും കോപ്പി ഇതോടൊന്നിച്ച് ലഭ്യമാക്കുന്നു.

(സി) സൊസൈറ്റി രജിസ്റ്റർ ചെയ്തു കഴിഞ്ഞു. ഔപചാരികമായ ഉദ്ഘാടനം ഉടനെ നടത്തുന്നതാണ്.

138 (2324) ആലപ്പുഴ മെഡിക്കൽ കോളേജിന്റെ ശോച്യാവസ്ഥ

ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിയിലെ ഗൈനക്കോളജി വാർഡ്, ഇ.എൻ.ടി. വാർഡ്, ഒ.പി. വാർഡ് എന്നിവ അറ്റകുറ്റ പണികൾ യഥാസമയം നടത്താത്തതുമൂലം ശോചനീയാവസ്ഥയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ വാർഡുകൾ പുനരുദ്ധരിക്കുന്നതിനായി നടപടികൾ സ്വീകരിക്കുമോ;

(സി) ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ഒഴിവുള്ള ലബോറട്ടറി ടെക്നീഷ്യൻ, എക്സ്റേ അറ്റൻഡർ എന്നീ തസ്തികകളിൽ നിയമനം നടത്തുന്നതിന് അടിയന്തിരമായി നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി)യഥാസമയം വാർഡുകൾ അറ്റകുറ്റപ്പണികൾ നടത്തിയിട്ടുണ്ട്.

(സി) നടപടി സ്വീകരിച്ചിട്ടുണ്ട്.

139 (2325) ആലപ്പുഴ ജില്ലാ ആശുപത്രി വികസനം

ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലാ ആശുപത്രിയിലെ വികസനത്തിനും സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) ജില്ലാ ആശുപത്രിയിൽ ആശുപത്രി വികസന സമിതിയുടെ നേതൃത്വത്തിൽ പുതിയ വാർഡുകളും യൂണിറ്റുകളും തുടങ്ങുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിനായി എത്ര രൂപ ചെലവഴിക്കണമെന്ന് തീരുമാനിച്ചിട്ടുണ്ടോ; എന്തെല്ലാം നടപടികൾ ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുണ്ട്; വിശദവിവരം വ്യക്തമാക്കുമോ?

ഉത്തരം

(എ) ആലപ്പുഴ ജില്ലാ ആശുപത്രിയിലെ വികസനത്തിനും സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമായി താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly